**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 797** **14-10-2026-ൽ മറുപടിയ്ക്ക്**

**പാലോട് റെയ്ഞ്ചിലെ ജണ്ട നിർമ്മാണ ക്രമക്കേട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ജണ്ട നിർമ്മാണത്തിലെ ക്രമക്കേട് - പ്രോസിക്യൂഷൻ ചെയ്യാനുള്ള അപേക്ഷയിൽ ഒളിച്ചുകളി എന്ന തലക്കെട്ടിൽ 2026 സെപ്റ്റംബർ 16-ന് പ്രമുഖ ദിനപത്രത്തിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഇല്ല

**(ബി)** ബഹു. തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ നിലവിലുള്ള സി.ആർ.എൽ. എം. പി. നം. 750/2025 നമ്പർ വ്യവഹാരവുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യാനായി അനുമതി വാങ്ങി നൽകാൻ 28/02/2026-ന് ബഹു. കോടതി ഉത്തരവായതും പരാതിക്കാരൻ പ്രോസിക്യൂഷൻ അനുമതിക്കായി 21/04/2026-ന് അപേക്ഷ സമർപ്പിച്ചതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(സി)** 1988-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിലെ സെക്ഷൻ 19(സി) (i) പ്രകാരം പ്രോസിക്യൂഷൻ അനുമതിക്കായി ലഭിച്ച അപേക്ഷയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ തീരുമാനമെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും, ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

**മറുപടി:** 1988-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിലെ സെക്ഷൻ 19(സി) (i) പ്രകാരം പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിൽ ലഭിച്ച അപേക്ഷയിന്മേൽ 14.07.2026 തീയതിയിലെ KFDHQ/ 2494/2020-HoFF/HF1 നമ്പർ കത്ത് മുഖേന വനം വകുപ്പ് മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ സ്പഷ്ടീകരണം തേടിയിട്ടുള്ളതാണ്.

**(ഡി)** മേൽപ്പറഞ്ഞ വിഷയം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

**മറുപടി:** 1988-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിലെ സെക്ഷൻ 19(സി) (i) പ്രകാരം പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിൽ ലഭിച്ച അപേക്ഷയിന്മേൽ 14.07.2026 തീയതിയിലെ

KFDHQ/ 2494/2020-HoFF/HF1 നമ്പർ കത്ത് മുഖേന വനം വകുപ്പ് മേധാവി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ സ്പഷ്ടീകരണം തേടിയിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**